# <u>കുറിപ്പ്</u>

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, തദ്ദേശസ്വയംഭരണ എൻജിനീയറിംഗ് വിഭാഗം, നഗര-ഗ്രാമാസൂത്രണം എന്നീ സർവീസുകളെ ഏകോപിപ്പിച്ച് ഏകീകൃത പൊതു സർവീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ച സ്റ്റേറ്റ്/സബോർഡിനേറ്റ് സർവീസ് കരട് വിശേഷാൽ ചട്ടങ്ങൾ അതേ രൂപത്തിൽ തന്നെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ആയതിൻമേൽ പൊതു അഭിപ്രായം ക്ഷണിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കരട് ചട്ടങ്ങൾ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ധാരാളം നിർദ്ദേശങ്ങളും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭിക്കുകയും അവ ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. തുടർന്ന് ലോക്കൽ ഗവൺമെന്റ് കമ്മീഷനുമായി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് സംയുക്തമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ച വിശേഷാൽ ചട്ടങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ വീണ്ടും ലഭ്യമാക്കിയിട്ടുള്ളതാണ്. തസ്തിക സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റേഷ്യോ അനുപാതം കൂടി ഉൾപ്പെടുത്തിയ **കേരള തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് (കരട്) 2018, കേരള തദ്ദേശ സ്വയംഭരണ വകുപ്പ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് (കരട്),2018** എന്നിവ എല്ലാവരുടെയും അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നു.

PRINCIPAL DIRECTORATE LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM

(ഒപ്പ്)
പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്

തിരുവനന്തപുരം
16.08.2018